# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:15-05-2025**

### പ്രധാനവാർത്തകൾ

1. നിയമസഭാ പാസാക്കിയ ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർമാർക്ക് സമയപരിധി നിശ്ചയിച്ചതിൽ സുപ്രീംകോടതിയിൽ നിന്നും വ്യക്തത തേടി രാഷ്ട്രപതി ദ്രൗപദി മുർമു.
2. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ചർച്ചകൾക്ക് മൂന്നാം കക്ഷിയുടെ മധ്യസ്ഥത ആവശ്യമില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.
3. വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന് 351 കോടി രൂപയുടെ ഭരണാനുമതി നൽകാൻ മന്ത്രിസഭാ തീരുമാനം
4. തപാൽ വോട്ടുകൾ തിരുത്തിയെന്ന പരാമർശത്തിൽ മുൻ മന്ത്രി ജി സുധാകരന്റെ മൊഴി രേഖപ്പെടുത്തി. വിവാദ പരാമർശത്തിൽ കേസെടുക്കാൻ നിർദ്ദേശം നൽകി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.
5. നെടുമ്പാശേരിയിൽ യുവാവിനെ കാർ ഇടിപ്പിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ രണ്ട് സി ഐ എസ് എഫ് ഉദ്യോഗസ്ഥർ അറസ്റ്റിൽ.
6. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ബീഹാറിൽ അൽപസമയത്തിനകം സമാപനം

****************************

RNU TVPM

## രാഷ്ട്രപതി

നിയമസഭാ പാസാക്കിയ ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർമാർക്ക് സമയപരിധി നിശ്ചയിച്ചതിൽ സുപ്രീംകോടതിയിൽ നിന്നും വ്യക്തത തേടി രാഷ്ട്രപതി ദ്രൗപദി മുർമു. തമിഴ്നാട് സർക്കാരിൻറെ ഹർജിയിൽ, ഗവർണർമാർക്ക് ബില്ലുകൾ അംഗീകരിക്കുന്നതിന് സുപ്രീംകോടതി മൂന്നുമാസത്തെ സമയപരിധി നിശ്ചയിച്ചിരുന്നു. ഭരണഘടനയിൽ പരാമർശിക്കാതെ സമയപരിധി കോടതിയ്ക്ക് നിശ്ചയിക്കാൻ സാധിക്കുമോയെന്ന് രാഷ്ട്രപതി ആരാഞ്ഞു. ഭരണഘടനയുടെ വിവിധ അനുച്ഛേദങ്ങൾ ചൂണ്ടിക്കാട്ടിയാണ് ശ്രീമതി മുർമു ഇത് സംബന്ധിച്ച 14 കാര്യങ്ങളിൽ വ്യക്തത തേടിയത്. ബിൽ സമർപ്പിക്കപ്പെട്ടാൽ ഗവർണർക്ക് മുന്നിലുള്ള ഭരണഘടനാ സാധ്യതകൾ, വിവേചനാധികാരം, ജുഡീഷ്യൽ അവലോകനത്തിനുള്ള വിലക്ക് എന്നിവയെക്കുറിച്ച് രാഷ്ട്രപതി സുപ്രീംകോടതിയോട് ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

*****************************

## JAI SHANKAR

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ചർച്ചകൾക്ക് മൂന്നാം കക്ഷിയുടെ മധ്യസ്ഥത ആവശ്യമില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. പാകിസ്ഥാനുമായുള്ള ചർച്ചകൾ പൂർണമായും ഉഭയകക്ഷിപരമായിരിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വ്യക്തമാക്കി. ഇന്ത്യ കാലങ്ങളായി പിന്തുടരുന്ന ഈ നയത്തിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ല . പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾ ലക്ഷ്യമിട്ടാണ് ഇന്ത്യ ആക്രമണം നടത്തിയതെന്നും, ഇതിൽ സൈനിക ഇടപെടൽ നടത്തരുതെന്ന് പാകിസ്ഥാനോട് വ്യക്തമാക്കിയിരുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

*****************************

PINU TVPM

## മന്ത്രിസഭയോഗ തീരുമാനം

വയനാട് ടൗൺഷിപ്പ് പദ്ധതിക്ക് 351 കോടി രൂപയുടെ ഭരണാനുമതി നൽകാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം. പ്രാരംഭപ്രവർത്തനങ്ങൾക്കുള്ള ചെലവ് ഉൾപ്പെടെയാണിത്. ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച കമ്മിറ്റിയെ ചുമതലപ്പെടുത്താനും മന്ത്രിസഭ തീരുമാനിച്ചു. പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്തെ 261 ആദിവാസി വീടുകളുടെ വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി സമർപ്പിച്ച 57 ലക്ഷം രൂപയുടെ പദ്ധതി രേഖകൾ കേന്ദ്രത്തിന് സമർപ്പിക്കാനും യോഗത്തിൽ തീരുമാനമായി.

*****************************

## മുഖ്യമന്ത്രി മേഖലാ അവലോകന യോഗം

ദീർഘകാലമായി പരിഹാരം കാണാതെ കിടക്കുന്ന വിഷയങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുകയാണ് മേഖല അവലോകന യോഗങ്ങൾ വഴി ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ചുവപ്പുനാടയുടെ കാര്യത്തിൽ നല്ല രീതിയിലുള്ള ഇടപെടൽ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ വിഭാഗത്തിൽ അനുകൂലമാറ്റം ഉണ്ടായിട്ടുണ്ടെങ്കിലും ഇനിയും മാറേണ്ട ആളുകൾ ഉണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

*****************************

## ജി. സുധാകരൻ

തപാൽ വോട്ടുകൾ പൊട്ടിച്ച് തിരുത്തിയിട്ടുണ്ടെന്ന വിവാദ പരാമർശവുമായി ബന്ധപ്പെട്ട് മുതിർന്ന സിപിഐഎം നേതാവും, മുൻമന്ത്രിയുമായ ജി. സുധാകരൻ്റെ മൊഴി എടുത്തു. അമ്പലപ്പുഴ

RNUTVPM

തഹസിൽദാർ വീട്ടിലെത്തിയാണ് മൊഴി രേഖപ്പെടുത്തിയത്. ജില്ലാ കളക്ടറാണ് വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത്. പ്രസംഗത്തിനിടെ ജി.സുധാകരൻ നടത്തിയ വെളിപ്പെടുത്തലിൽ കേസ് എടുക്കാൻ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ നിർദ്ദേശം നൽകിയിരുന്നു. വെളിപ്പെടുത്തലിനെ അത്യന്തം ഗൗരവമായാണ് കാണുന്നതെന്നും, ഗുരുതരമായ നിയമലംഘനമാണിതെന്നും അദ്ദേഹം പറഞ്ഞു.

*****************************

.പി പ്രസാദ് (ഇൻട്രോ)

ആലപ്പുഴ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറി നെല്ലിൻറെ ഗുണനിലവാരത്തിൽ കുറവ് സംഭവിക്കുകയും, കരാറിൽ ഏർപ്പെട്ട മില്ലുകൾ നെല്ല് സംഭരിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്ത സംഭവത്തിൽ ഇടപെട്ട് സർക്കാർ. കൃഷി വകുപ്പ് നേരിട്ട് നെല്ല് സംഭരിക്കുമെന്നും ഇതിനായി 3 കോടി രൂപ പ്രത്യേക പാക്കേജായി അനുവദിച്ചതായും കൃഷിമന്ത്രി പി പ്രസാദ് വാർത്താസമ്മേളനത്തിൽ പറഞ്ഞു (ഹോൾഡ് വോയ്സ്.........)

*****************************

ആശാ പ്രവർത്തകർ

ആശാ പ്രവർത്തകരുടെ ആവശ്യങ്ങൾ പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് സംസ്ഥാന സർക്കാർ. ഏപ്രിൽ മൂന്നിന് ആരോഗ്യമന്ത്രി നടത്തിയ ചർച്ചയിൽ ആശമാർ ആവശ്യപ്പെട്ട വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകാനാണ് നിർദേശം. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ നേതൃത്വം നൽകുന്ന സമിതിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയത്.

*****************************

ത്രിവർണ സ്വാഭിമാനയാത്ര (ഇൻട്രോ)

പഹൽഗാം ഭീകരാക്രമണത്തിനെതിരേ രാജ്യം കൈവരി ച്ച വിജയത്തിൽ അഭിനന്ദനമർപ്പിച്ച് മുൻ സൈനിക സംഘടനകൾ നാളെ കണ്ണൂരിൽ ത്രിവർണ സ്വാഭിമാനയാത്ര സംഘടിപ്പിക്കും.

RNU TVPM

**വിശദാം ശങ്ങളുമായി ആകാശവാണി ക ണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**
**(വോയിസ്)**

കൊല്ലത്തും കോഴിക്കോടും നാളെ ത്രിവർണ്ണ സ്വാഭിമാന യാത്രകൾ നടക്കും. തിരുവനന്തപുരത്ത് ഇന്നലെ നടന്ന തിരംഗാ യാത്രയിൽ ആവേശകരമായ ജനപങ്കാളിത്തമാണ് ഉണ്ടായത്.

*****************************

## CISF അറസ്റ്റ്

കൊച്ചി നെടുമ്പാശേരി വിമാനത്താവളത്തിന് സമീപം യുവാവിനെ കാർ ഇടിപ്പിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ രണ്ട് സി ഐ എസ് എഫ് ഉദ്യോഗസ്ഥർ അറസ്റ്റിൽ. CISF കോൺസ്റ്റബിൾ മോഹൻ കുമാർ, എസ്.ഐ. വിനയ കുമാർ എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. വാഹനത്തിന് സൈഡ് നൽകുന്നതുമായി ബന്ധപ്പെട്ട് ഇന്നലെ രാത്രി ഉണ്ടായ തർക്കത്തെ തുടർന്ന് അങ്കമാലി സ്വദേശി ഐവിൻ ജിജോയാണ് കൊല്ലപ്പെട്ടത്. രണ്ട് ഉദ്യോഗസ്ഥരെയും സസ്പെൻഡ് ചെയ്തതായും സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുമെന്നും സിഐഎസ്എഫ് ദക്ഷിണ മേഖല ഡിഐജി അറിയിച്ചു.

*****************************

## മലപ്പുറം കടുവ

മലപ്പുറം കാളികാവിൽ കടുവ ആക്രമണത്തിൽ ടാപ്പിങ്ങ് തൊഴിലാളി കൊല്ലപ്പെട്ട സംഭവത്തിൽ ശക്തമായ പ്രതിഷേധമുയർത്തി നാട്ടുകാർ. സ്ഥലത്തെത്തിയ നിലമ്പൂർ സൗത്ത് ഡിഎഫ്ഒയെ നാട്ടുകാർ തടഞ്ഞു. ഇന്ന് പുലർച്ചെയാണ് ടാപ്പിങ്ങ് തൊഴിലാളിയായ ഗഫൂറിനെ കടുവ ആക്രമിച്ചത്. ഗഫൂറിൻ്റെ കുടുംബത്തിന് അടിയന്തര സഹായമായി സംസ്ഥാന സർക്കാർ നൽകുന്ന അഞ്ച് ലക്ഷം രൂപയുടെ ആദ്യ ഗഡു നാളെ കൈമാറുമെന്ന് ഡി.എഫ്.ഒ അറിയിച്ചു. ഗഫൂറിൻ്റെ ഭാര്യക്ക് വനംവകുപ്പിൽ താൽക്കാലിക ജോലി നൽകാനും തീരുമാനിച്ചിട്ടുണ്ട്. കടുവയെ പിടികൂടുന്നതിനായി ഡോ. അരുൺ

RNJ TVPM

സക്കറിയയുടെ നേതൃത്വത്തിലുള്ള 25 അംഗ സംഘം സ്ഥലത്തെത്തി. കുങ്കിയാനകളെയും ദൗത്യത്തിനായി സ്ഥലത്ത് എത്തിച്ചിട്ടുണ്ട്.

*****************************

## മുൻകൂർ ജാമ്യാപേക്ഷ നൽകി

തിരുവനന്തപുരത്ത് ജൂനിയർ അഭിഭാഷകയെ മർദിച്ച കേസിൽ സീനിയർ അഭിഭാഷകൻ ബെയ്‌ലിൻ ദാസ് തിരുവനന്തപുരം സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി. മർദനമേറ്റ യുവ അഭിഭാഷക ശ്യാമിലിയുടെ പരാതിയിൽ പൊലീസ് കേസ് എടുത്തിരുന്നു.

ഇയാൾക്കായി പൊലീസ് തിരച്ചിൽ തുടരുകയാണ്. സംഭവത്തിൻറെ അടിസ്ഥാനത്തിൽ സംസ്ഥാന ബാർ കൗൺസിൽ ഇന്നലെ ബെയ്‌ലിൻ ദാസിന് വിലക്കേർപ്പെടുത്തിയിരുന്നു.

*****************************

## മുസ്‌ലിം ലീഗ്

മുസ്‌ലിം ലീഗ് ദേശീയ കമ്മറ്റി പുനഃസംഘടിപ്പിച്ചു. കെ.എം ഖാദർ മൊയ്തീൻ അധ്യക്ഷനായും , പി.കെ കുഞ്ഞാലിക്കുട്ടി ജനറൽ സെക്രട്ടറിയായും, ഇ ടി മുഹമ്മദ് ബഷീർ ഓർഗനൈസിങ്ങ് സെക്രട്ടറിയായും തുടരും. ചരിത്രത്തിൽ ആദ്യമായി ലീഗ് ദേശീയ കമ്മിറ്റിയിൽ വനിതകളെയും ഉൾപ്പെടുത്തി. കേരളത്തിൽ നിന്ന് ജയന്തി രാജൻ, തമിഴ്നാട്ടിൽ നിന്ന് ഫാത്തിമ മുസാഫർ എന്നിവരാണ് കമ്മിറ്റിയിൽ ഉൾപ്പെട്ടത്. ചെന്നൈയിൽ നടന്ന മുസ്‌ലിംലീഗ് ദേശീയ കൗൺസിൽ യോഗത്തിലാണ് തീരുമാനം.

*****************************

## അന്താരാഷ്ട്ര വിമാനത്താവളം (ഇൻട്രോ)

യാത്രക്കാരുടെ എണ്ണത്തിൽ റെക്കോഡ് വളർച്ചയുമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം. 2024 ഏപ്രിൽ മുതലുള്ള ഒരു വർഷത്തിനിടെ 49 ലക്ഷത്തോളം യാത്രക്കാർക്കാണ് തിരുവനന്തപുരം വിമാനത്താവളം സേവനമൊരുക്കിയത്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്........

RNU TVPM

(വോയിസ്)

******************************

## ഖേലോ ഇന്ത്യ

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ബീഹാറിൽ അൽപസമയത്തിനകം സമാപനം. 58 സ്വർണ്ണവും 47 വെള്ളിയും ഉൾപ്പെടെ 158 മെഡലുകളുമായി മഹാരാഷ്ട്രയാണ് ഗെയിംസിൽ ഒന്നാം സ്ഥാനത്ത്. 117 മെഡലുകളുമായി ഹരിയാന രണ്ടാം സ്ഥാനത്തും രാജസ്ഥാൻ മൂന്നാമതുമാണ്. 12 സ്വർണ്ണം ഉൾപ്പടെ 25 മെഡലുകളുമായി കേരളം എട്ടാം സ്ഥാനത്താണ്.

****************************** ****************************** *************************** ******************************

RNU TVPM